(സി) ആവശ്യപ്പെട്ടിരുന്നു.

(ഡി) ഉൽസവ സ്ഥലത്ത് ഉണ്ടായിരുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഉത്തരം 'ഇ'-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

പോലീസ് നവീകരണം, വാഹനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ ചെലവ്

421 [2525] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001, 2002, 2003 വർഷങ്ങളിൽ പോലീസ് വകുപ്പിന്റെ നവീകരണത്തിനായി സംസ്ഥാനത്ത് എത്ര തുക ചെലവഴിച്ചു; ഇതിൽ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ എന്നിവയുടെ വിഹിതം എത്ര;

(ബി) ഈ കാലയളവിൽ വാഹനങ്ങൾ വാങ്ങുന്നതിനുവേണ്ടി എത്ര തുക ചെലവഴിച്ചു; പോലീസ് വകുപ്പിൽ സംസ്ഥാനത്ത് ഇപ്പോൾ എത്ര വാഹനങ്ങൾ ഉണ്ട്; ഇനം തിരിച്ച് വിശദീകരിക്കുമോ;

(സി) 2001, 2002, 2003 എന്നീ വർഷങ്ങളിൽ പോലീസ് സ്റ്റേഷനുകൾ, പോലീസ് ക്യാമ്പുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ചെലവഴിച്ച തുക ജില്ല തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) 2001, 2002, 2003 വർഷങ്ങളിൽ പോലീസ് വകുപ്പിന്റെ നവീകരണത്തിനായി ചെലവഴിച്ച തുകയുടെ കണക്ക് അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.†

(ബി) വാഹനങ്ങൾ വാങ്ങുന്നതിനുവേണ്ടി 2001-2002-ൽ 18,42,71,455 രൂപയും, 2002-2003-ൽ 14,84,71,833 രൂപയും, 2003-2004-ൽ 9,42,95,218 രൂപയും ചെലവഴിച്ചു. പോലീസ് വകുപ്പിൽ ഇപ്പോൾ ഉള്ള വാഹനങ്ങളെ സംബന്ധിച്ച വിശദ വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.†

(സി) 2001-2002 വർഷത്തിൽ ഈ ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. 2002-2003 വർഷത്തിൽ ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധം III ആയി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly